എന്നിട്ട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ സംസം വെള്ളം തന്നില്ല എന്ന് നാടുനീളെ പ്രഖ്യാപനം നടത്തി. ഇപ്പോൾ എയർ ഇൻഡ്യ പറഞ്ഞപ്പോൾ വ്യക്തമായില്ലേ? *** കട്ട് വിറ്റത് എന്ന്.....................(ബഹളം)..................ആളുകളുടെ വിശ്വാസ പ്രമാണത്തിന്റെ ഭാഗമാണ്. ഇക്കാര്യമാണ്................(ബഹളം)...............

## ക്രമപ്രശ്നം (തുടർച്ച)

### (2) രാഷ്ട്രീയ പാർട്ടിയുടെ പേരിലുള്ള പരാമർശം നീക്കം ചെയ്യണം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: പോയിന്റ് ഓഫ് ഓർഡർ........(ബഹളം)....... ഇവിടെ സംസം വെള്ളവുമായി ബന്ധപ്പെട്ട വിവാദത്തിൽ എയർ ഇൻഡ്യ ഇതിന്റെ കരാറുകാർക്ക് മറിച്ച് വിറ്റു എന്നു പറയുന്നത്, *** പാർട്ടിയുടെ പേര് പരാമർശിച്ചത് രേഖയിൽനിന്ന് നീക്കം ചെയ്യണം. സംസം വെള്ളം മറിച്ചു വിറ്റു എന്നുപറയുന്നത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: മുസ്ലിം ലീഗ് എന്നുപറഞ്ഞിട്ടുണ്ടെങ്കിൽ രേഖയിൽനിന്ന് നീക്കം ചെയ്യാം.

ശ്രീ. പി. ടി. എ. റഹീം: മുസ്ലീംലീഗിനെത്തന്നെ സമുദായത്തിന്റെ അജണ്ടയിൽനിന്ന് നീക്കം ചെയ്യണമെന്നാണ് ഞാൻ പറയുന്നത്. എയർ ഇൻഡ്യ തന്നിട്ടുള്ള കത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട് സംസം വെള്ളം ***മറിച്ചു കൊടുത്തതാണെന്ന്. എന്റെ കൈയിലുണ്ട്. ശ്രീ. അച്ചുതാനന്ദൻ സംസം വെള്ളം തന്നിട്ടില്ലെന്ന് പറഞ്ഞ് പ്രശ്നമുണ്ടാക്കി............(ബഹളം).............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: Sir, I raise a point of order.

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞു. പ്ലീസ്.........ശ്രീമതി ജെ. അരുന്ധതി.........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം ഹജ്ജിന് പോയിട്ട് മടങ്ങി വരുമ്പോൾ കിട്ടുന്ന സംസം വെള്ളം വിശുദ്ധമാണ്. ഓരോ സമൂഹത്തിനും വിശുദ്ധിയുടെ പ്രശ്നങ്ങളുണ്ട്. മുസ്ലീം സമൂഹത്തിൽപ്പെട്ട വ്യക്തിക്ക് സംസം വെള്ളത്തോട് വളരെ ആരാധനയാണ്. സംസംവെള്ളം ഇവിടെ പൊളിറ്റിക്സിനകത്ത് കൊണ്ടുവന്നിട്ട് *** നേതാവ് അത് കട്ട് വിറ്റു എന്നു പറഞ്ഞു. അത് രേഖയിൽ കാണാൻ പാടുള്ളതല്ല. ഇത് റൂൾ 307 അനുസരിച്ചാണ്.

### റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: ലീഗ് അതിൽ അഴിമതി നടത്തി എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ മുസ്ലീംലീഗ് എന്നുള്ള വേഡ് അതിൽനിന്നും മാറ്റാം.

*** ബഹു. ഡെ. സ്പീക്കറുടെ നിർദ്ദേശാനുസരണം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly